REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-07-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജസ്ഥാനിലും ഗുജറാത്തിലും വിവിധ പദ്ധതികളുടെ തറക്കല്ലിടലും സമർപ്പണവും നിർവഹിക്കും.**
- **ഒരു ലക്ഷം കോടി US ഡോളർ കയറ്റുമതി ലക്ഷ്യമിട്ടാണ് ഇന്ത്യയുടെ വ്യാപാരമേഖലയിലെ പ്രവർത്തനമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.**
- **ജനങ്ങൾക്ക് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒന്നിച്ച് പ്രവർത്തിക്കണമെന്ന് മന്ത്രി സണ്ണി ജോസഫ്.**
- **സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രത.**
- **ലോകകപ്പ് ഫുട്ബോളിൽ അർജ്ജന്റീനയും ഈജിപ്തും പ്രീക്വാർട്ടറിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജസ്ഥാനിലും ഗുജറാത്തിലും സന്ദർശനം നടത്തും. വിവിധ പദ്ധതികളുടെ തറക്കല്ലിടലും സമർപ്പണവും പ്രധാനമന്ത്രി നിർവഹിക്കും.

ഡെസ്ക് റിപ്പോർട്ട്

............വോയ്സ്.............

രാവിലെ രാജസ്ഥാനിലെത്തുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ജോധ്പൂർ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ കെട്ടിടവും മോഡിഫൈഡ് ഉഡാൻ പദ്ധതിയും ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ്, ബലോത്രയിൽ ഒരു ലക്ഷം കോടിയിലേറെ രൂപയുടെ വികസന പദ്ധതികളുടെ സമർപ്പണവും, ഉദ്ഘാടനവും, തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും.

ബലോത്രയിലെ പച്ച്പദ്രയിൽ രാജ്യത്തെ ആദ്യ ഗ്രീൻഫീൽഡ് സംയോജിത റിഫൈനറി-കം-പെട്രോകെമിക്കൽ സമുച്ചയം പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും. 13,000 കോടിയിലധികം രൂപ ചെലവ് വരുന്ന ജയ്പൂർ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും മോദി തറക്കല്ലിടും.

ചുരു-സാദുൽപൂർ, ചുരു-രത്തൻഗഢ് റെയിൽ ഇരട്ടിപ്പിക്കൽ പദ്ധതികളും, നാഷണൽ ഹൈവേ-125എ, ജോധ്പൂർ റിംഗ് റോഡ് സെക്ഷൻ-2 എന്നിവയുടെ നാലുവരി പാതയും പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും. രാജസ്ഥാൻ ഗവെർണ്മെന്റ് സർവീസിൽ വിവിധ വകുപ്പുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏകദേശം 54,000 പേർക്ക് നരേന്ദ്രമോദി നിയമന ഉത്തരവുകൾ കൈമാറും.

വൈകിട്ട് ഗുജറാത്തിലെത്തുന്ന പ്രധാനമന്ത്രി 7,500 കോടി രൂപ ചെലവിൽ വികസിപ്പിച്ച സാനന്ദിലെ സി.ജി സെമി ഔട്ട്സോഴ്സ്ഡ് സെമികണ്ടക്ടർ അസംബ്ലി ആൻഡ് ടെസ്റ്റ് ഉദ്ഘാടനം ചെയ്യും ഇന്ത്യയുടെ സെമികണ്ടക്ടർ നിർമ്മാണ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് പദ്ധതി.

✪✪✪

എൽ നിനോ കാരണം രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ മഴ സാധാരണയിൽ കുറഞ്ഞതും വരൾച്ചാ സാധ്യതയും ഗവണ്മെന്റ് നിരന്തരം നിരീക്ഷിച്ചുവരികയാണെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. സ്ഥിതിഗതികൾ അവലോകനം ചെയ്യാൻ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കു കയായിരുന്നു അദ്ദേഹം. കൃഷി മന്ത്രാലയവും ബന്ധപ്പെട്ട എല്ലാ മന്ത്രാലയങ്ങളും ഇക്കാര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് മന്ത്രി നിർദേശിച്ചു.

✪✪✪

ഒരു ലക്ഷം കോടി US ഡോളർ കയറ്റുമതി ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടാണ് ഇന്ത്യയുടെ വ്യാപാരമേഖലയിലെ പ്രവർത്തനമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ വാർഷിക കയറ്റുമതിയുടെ 15 ശതമാനത്തോളം ഇതിനകം രേഖപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം രാഷ്ട്രം 863 ബില്യൺ US ഡോളറിന്റെ എക്കാലത്തെയും ഉയർന്ന കയറ്റുമതി നിരക്ക് കൈവരിച്ചതായും പിയൂഷ് ഗോയൽ പറഞ്ഞു. ന്യൂഡൽഹിയിൽ ബോർഡ് ഓഫ് ട്രേഡ് മീറ്റിംഗിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ഫ്രാൻസിലെ ഐക്സ്-എൻ-പ്രോവൻസിൽ ധന - സാമ്പത്തിക യോഗത്തിൽ ധനമന്ത്രി നിർമ്മല സീതാരാമനും ഫ്രഞ്ച് ധനമന്ത്രി റോളണ്ട് ലെസ്ക്യൂറും സഹ-അധ്യക്ഷരായി. സാമ്പത്തിക വികസനത്തിന് ഫ്രഞ്ച് വികസന ഏജൻസിയുടെ ഇന്ത്യയിലെ പ്രവർത്തനമൂല്യം ഇരുവരും അംഗീകരിക്കുകയും ഭാവി പദ്ധതി സാധ്യതകളെ സ്വാഗതം ചെയ്യുകയും ചെയ്തു.

✪✪✪

ഇറാന്റെ മുൻ പരമോന്നത നേതാവ് ആയത്തുള്ള സയ്യിദ് അലി ഖമനേയിയുടെ സംസ്കാരച്ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് ബിഹാർ ഗവർണർ ലെഫ്റ്റനന്റ് ജനറൽ സയ്യിദ് അതാ ഹസ്നൈനും വിദേശകാര്യ സഹമന്ത്രി പവിത്ര മാർഗരിറ്റയും പങ്കെടുത്തു. ഇന്ത്യാ ഗവൺമെന്റിനും ഇന്ത്യയിലെ ജനങ്ങൾക്കും വേണ്ടി തങ്ങൾ ആദരാഞ്ജലികൾ അർപ്പിച്ചതായി മാർഗരിറ്റ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. സമീപകാല സംഘർഷങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങളെ ഇന്ത്യൻ സംഘം അനുശോചനം അറിയിച്ചു. ഇറാൻ തലസ്ഥാനമായ ടെഹ്റാനിലാണ് ഖമനേയിയുടെ സംസ്കാര ചടങ്ങുകൾക്ക് തുടക്കമായത്.

✪✪✪

വൈദ്യുതി മേഖലയിലെ വിതരണ, ഉൽപ്പാദന, പ്രസരണ പ്രയാസങ്ങൾ പരിഹരിച്ച് ജനങ്ങൾക്ക് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒന്നിച്ച് പ്രവർത്തിക്കണമെന്ന് മന്ത്രി സണ്ണി ജോസഫ് പറഞ്ഞു. എറണാകുളം, ഇടുക്കി ജില്ലകളിലെ ജനപ്രതിനിധികളുടെയും മുതിർന്ന KSEB ഉദ്യോഗസ്ഥരുടെയും അവലോകന യോഗത്തിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി. വൈദ്യുതിയുടെ ദുരുപയോഗം കുറക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. ഇരു ജില്ലകളിലെയും MLAമാരും തദ്ദേശ സ്ഥാപന പ്രതിനിധികളും ഉൾപ്പെടെ യോഗത്തിൽ പങ്കെടുത്തു.

✪✪✪

കോട്ടയം കുറവിലങ്ങാട് സയൻസ് സിറ്റിയുടെ ശേഷിക്കുന്ന നിർമാണപ്രവൃത്തികൾ ഒറ്റഘട്ടമായി പൂർത്തിയാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി മുഖ്യമന്ത്രി പങ്കെടുക്കുന്ന ഉന്നതതലയോഗം ചേരുമെന്നും മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. സയൻസ് സിറ്റി നാടിനു സമർപ്പിച്ചതിന്റെ ഒന്നാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സയൻസ് സിറ്റിയിലെ പ്രദർശന വസ്തുക്കളുടെ ഡിജിറ്റൽ QR കോഡ് വിവരസേവനത്തിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

✪✪✪

മന്ത്രി K.മുരളീധരൻ ഇന്ന് കോഴിക്കോട് മാവൂർ പഞ്ചായത്തിലെ ചെറൂപ്പ ഹെൽത്ത് സെന്റർ സന്ദർശിക്കും. കിടത്തി ചികിത്സ ഉൾപ്പെടെ സേവനങ്ങൾ പുനഃസ്ഥാപിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ആധുനിക സാമൂഹികാരോഗ്യ കേന്ദ്രമായി സെന്ററിനെ വികസിപ്പിക്കുമെന്ന് മന്ത്രി നിയമസഭയിൽ വ്യക്തമാക്കിയിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സബ് സെന്ററായി പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രമാണ് ചെറൂപ്പ ഹെൽത്ത് സെന്റർ.

✪✪✪

പാർലമെന്റ് മൺസൂൺ സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാനത്തെ MP-മാരുടെ സമ്മേളനം വ്യാഴാഴ്ച തിരുവനന്തപുരത്ത് ചേരും. സംസ്ഥാനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും, പാർലമെന്റിൽ ഉന്നയിക്കേണ്ട കാര്യങ്ങളും സമ്മേളനത്തിൽ ചർച്ച ചെയ്യും.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകൾ ഒഴികെ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റടിക്കാൻ സാധ്യതയുള്ളതിനാൽ മീൻപിടുത്തക്കാർ കടലിൽ പോവരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കനത്ത മഴയെ തുടർന്ന് തൃശൂർ ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു. നേരത്തെ നിശ്ചയിച്ച പൊതുപരീക്ഷകൾക്കും ഇന്റർവ്യൂവിനും അവധി ബാധകമല്ല.

✪✪✪

നെല്ലിയാമ്പതി ചുരത്തിൽ രാത്രികാല ഗതാഗതത്തിനും വിനോദസഞ്ചാരത്തിനും പാലക്കാട് ജില്ലാ കലക്ടർ കർശന നിയന്ത്രണം ഏർപ്പെടുത്തി. മഴ കനക്കുമ്പോൾ നെല്ലിയാമ്പതി ചുരം റോഡിൽ കനത്ത പാറവീഴ്ചയ്ക്കും മണ്ണിടിച്ചിലിനും സാധ്യത നിലനിൽക്കുന്നതിനാലാണ് ഉത്തരവ്.

✪✪✪

കണ്ണൂർ ജില്ലയിൽ തുടർച്ചയായി പെയ്യുന്ന കനത്ത മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. താഴ്ന്ന പ്രദേശങ്ങളിൽ പലയിടത്തും വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുണ്ട്. പലയിടത്തും മരം വീണും മറ്റും വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു.

ആകെ എട്ടു വീടുകൾ ഭാഗികമായി തകർന്നതായാണ് ഔദ്യോഗിക കണക്ക്. നെടുംപൊയിൽ മാനന്തവാടി റോഡിൽ ഇരുപത്തിയെട്ടാം മൈലിന് സമീപം മരം വീണ് റോഡ് ഗതാഗതം തടസപ്പെട്ടു. അഗ്നി രക്ഷാസേന സ്ഥലത്തെത്തി മരം മുറിച്ചുമാറ്റി ഗതാഗതം പുനസ്ഥാപിച്ചു.

✪✪✪

ഈ വർഷം ജൂണിൽ മഴ ലഭ്യത ശരാശരിയേക്കാൾ കുറഞ്ഞ സാഹചര്യത്തിൽ വരൾച്ച നേരിടുന്നതിന് സംസ്ഥാനത്ത് ആദ്യമായി കണ്ണൂരിൽ സമഗ്ര പദ്ധതി ആവിഷ്കരിക്കുന്നു. എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതിക്ക് തുടക്കമിടുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ.

..........വോയ്സ്............

ജൂൺ മാസം ജില്ലയിൽ 39 ശതമാനം കുറവാണ് മഴ രേഖപ്പെടുത്തിയത്. മഴക്കാലം കഴിഞ്ഞാൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന വരൾച്ചാ ദുരിതം മുൻകൂട്ടി കണ്ടുകൊണ്ടാണ് ജില്ലാ ഭരണകൂടത്തിന്റെയും ദുരന്തനിവാരണ വിഭാഗത്തിന്റെയും നേതൃത്വത്തിൽ പദ്ധതി ആവിഷ്കരിക്കുന്നത്.

വരൾച്ചാ ഭീഷണി നേരിടുന്ന ഓരോ സ്ഥലത്തും ആ സ്ഥലത്തിന് അനുസൃതമായ പദ്ധതിയാകണം തയ്യാറാക്കേണ്ടതെന്ന് വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ശില്പശാലയിൽ ജില്ലാ കലക്ടർ പി വിഷ്ണുരാജ് പറഞ്ഞു

ജില്ലയിൽ പ്രതി വർഷം ശരാശരി 3300 മുതൽ 3500 മില്ലി മീറ്റർ മഴയാണ് ലഭിക്കുന്നത്. മഴയുടെ അളവിലെ കുറവിനുള്ള കാരണം, വരൾച്ചാ സാധ്യതകൾ, പ്രതിരോധ മാർഗങ്ങൾ എന്നിവയെക്കുറിച്ച് ശില്പശാലയിൽ ചർച്ച ചെയ്തു. വരൾച്ച നിവാരണ പദ്ധതി ജില്ലയുടെ പ്രധാന ക്യാമ്പയിൻ ആയി വരൾച്ച നിവാരണ പദ്ധതി മാറ്റാനാണ് ലക്ഷ്യമിടുന്നത്.

✪✪✪

ലോകകപ്പ് ഫുട്ബോളിൽ അർജ്ജന്റീന പ്രീക്വാർട്ടറിൽ. കാബോ വെർദെയെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ചാണ് അർജ്ജന്റീന പ്രീക്വാർട്ടറിൽ എത്തിയത്.

ഇന്നലെ രാത്രി നടന്ന മത്സരത്തിൽ ഓസ്ട്രേലിയയെ ഷൂട്ടൗട്ടിൽ തോൽപ്പിച്ച് ഈജിപ്തും പ്രീക്വാർട്ടറിൽ പ്രവേശിച്ചു.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ...

........വോയ്സ്..........

കൊളംബിയ - ഘാന മത്സരം അല്പസമയത്തിനകം തുടങ്ങും. രാത്രി 10.30ന് മൊറോക്കോ - കാനഡയെ നേരിടും.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് രണ്ടാം ട്വന്റി-20 ക്രിക്കറ്റിലെ രണ്ടാം മത്സരം രാത്രി ഏഴിന് മാഞ്ചസ്റ്ററിൽ. ഒന്നാം മത്സരം നേരത്തെ മഴമൂലം ഉപേക്ഷിച്ചിരുന്നു.

✪✪✪

വിംബിൾഡൺ ടെന്നീസിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ ജയിച്ച പുരുഷ സിംഗിൾസ് താരമെന്ന റോജർ ഫെഡററുടെ റെക്കോർഡിനൊപ്പം എത്തി നോവാക് ജോക്കോവിച്ച്. ഏഴ് തവണ ചാമ്പ്യനായ ജോക്കോവിച്ച്, ഫ്രാൻസിന്റെ ആർതർ റിൻഡർനെക്കിനെ പരാജയപ്പെടുത്തി ടൂർണമെന്റിന്റെ പ്രീ-ക്വാർട്ടറിലേക്ക് പ്രവേശിച്ചുകൊണ്ടാണ് ഈ നേട്ടം കൈവരിച്ചത്.

✪✪✪

വയനാട് ചൂരൽ മല ദുരന്ത ബാധിതന് കേരള റെക്കഗ്നൈസ്ഡ് സ്കൂൾ മാനേജമെന്റ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി നിർമ്മിച്ചു നൽകിയ 'സ്നേഹ ഭവന'ത്തിന്റെ താക്കോൽ മുഖ്യമന്ത്രി VD സതീശൻ കുടുംബത്തിന് കൈമാറി. തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഓഫീസിൽ ആയിരുന്നു ചടങ്ങ്.

സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂൾ മുഖാന്തിരം സമാഹരിച്ച തുക ഉപയോഗിച്ച് ചൂരൽ മലയിലെ ശശിധരനാണ് അസോസിയേഷൻ വീട് നിർമ്മിച്ച് നൽകിയത്.

✪✪✪

ക്യാൻസർ രോഗത്തിന് കാരണമാകുന്ന ഹ്യൂമൻ പാപ്പിലോമ വൈറസിന് എതിരെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ തിരുവനന്തപുരം ബ്രാഞ്ച് സംഘടിപ്പിക്കുന്ന വാക്സിനേഷൻ ക്യാമ്പ് നാളെ രാവിലെ 9 മുതൽ ഉച്ചക്ക് 2 വരെ തിരുവനന്തപുരം IMA ഹാളിൽ നടക്കും.

ക്യാമ്പിൽ 9 വയസ്സ് മുതൽ ഉള്ള ആൺകുട്ടികൾക്കും പെൺകുട്ടികളക്കും കുറഞ്ഞ നിരക്കിൽ അർബുദ പ്രതിരോധ വാക്സിൻ ലഭ്യമാകും.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സിയാബ്*
*News Team: അബ്ദുൾ കബീർ*
*DEO: സി കെ സുബോധ്*